പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2169

11/02/2020 ൽ മറുപടി നല്കേണ്ടത്.

## ആരാധനാലയങ്ങളിലെ പ്രസാദത്തിന് ഫുഡ് സേഫ്റ്റി ലൈസൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ വിതരണം ചെയ്യുന്ന പ്രസാദത്തിന് ഫുഡ് സേഫ്റ്റി ലൈസൻസ് എടുക്കണമെന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; | (ബി) സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതിയാണ് BHOG (Blissful Hygienic Offering to God).<br>ഇതിന്റെ ഭാഗമായി ആരാധനാലയങ്ങളിലെ പ്രസാദ വിതരണം, അന്നദാനം, സമൂഹസദ്യ എന്നിവയിൽ സംഭവിക്കാൻ സാധ്യതയുള്ള ഭക്ഷ്യവിഷബാധ, വൃത്തിയില്ലായ്മ, ശുചിത്വമില്ലായ്മ എന്നിവകൊണ്ട് സംഭവിക്കാൻ സാധ്യതയുള്ള അപായങ്ങൾ ഒഴിവാക്കാനായി പാലിക്കേണ്ട കാര്യങ്ങൾ വിശദമാക്കി കൊണ്ട് Places of Worship (PoW) അധികൃതർക്ക് അവബോധന ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കേണ്ടതിന്റെ |

ആവശ്യകതയും ബോധ്യപ്പെടുത്തിയിട്ടുണ്ട്.. ഇതിന്റെ ഭാഗമായി 1546 രജിസ്ട്രേഷനും 16 ലൈസൻസുകളും ഇതിനോടകം നൽകി കഴിഞ്ഞു.

| | |
|---|---|
| (സി) കർണ്ണാടകയിൽ ഒരു ആരാധനാലയത്തിൽ നിന്നും വിതരണം ചെയ്ത പ്രസാദം കഴിച്ച് പതിമൂന്ന് പേർ മരിക്കുവാനിടയായ സാഹചര്യത്തിൽ ആരാധനാലയങ്ങളിൽ പ്രസ്തുത ലൈസൻസ് നിർബന്ധമാക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ മുഴുവൻ ആരാധനാലയങ്ങൾക്കും ഭക്ഷ്യസുരക്ഷാ നിയമ പ്രകാരമുള്ള ലൈസൻസ്/ രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ